# INDIAN SCHOOL, SOHAR
# PERIODIC TEST II (2023-24)
# MALAYALAM

**CLASS : IX** | **MAX. MARKS: 80**
**DATE : 19/09/2023** | **TIME: 3 HOURS**

## GENERAL INSTRUCTIONS

* This question paper contains 5 printed pages
* Separate instructions are given for each section wherever necessary.
* This question paper is divided into two sections:

**SECTION A :** Reading Comprehension (V.S.A.Q)
Vocabulary Building & Prose & Poetry (M.C.Q) : 40 Marks
**SECTION B :** Grammar, Composition
Literature (Prose, Poetry & Supplementary) : 40 Marks

## വിഭാഗം എ

**1. താഴെകൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

(1 x 8 Marks)

മക്കളായ് നാലുപേരുണ്ടെങ്കിലും
അമ്മ ഏകയാണേകയാണീ ഊഴിയിൽ
അച്ഛൻ മറഞ്ഞൊരു കാലം മുതൽക്കമ്മ
ഭാരമായ് തീർന്നുവോ നാലുപേർക്കും?
നാഴൂരിമണ്ണും പകുത്തെടുത്ത് മക്കൾ
നാലുവഴിക്കായ് പിരിഞ്ഞുപോയി
അച്ഛന്റെയാത്മാവുറങ്ങുന്ന
മണ്ണിലന്നന്തിത്തിരി കൺതുറന്നതില്ല.
ഉള്ളം തുളുമ്പുന്നൊരോർമ്മകൾ
നോവിന്റെയാഴം പെരുക്കിച്ചിതയെരിച്ചു
ദുശ്ശകുനംപോലെ അമ്മയെക്കണ്ടൊരാ
മക്കൾ നടന്നു മറയുന്നതും നോക്കി
നെഞ്ചു പൊളിഞ്ഞമ്മ നീറിനിന്നു
ചെല്ലക്കഥകൾ നുകർന്നു രസിച്ചൊരാ
പേരക്കിടാവോടിവന്ന നേരം
ശാസിച്ചു നിർത്തി മരുമകളെങ്കിലും
മുത്തശ്ശിക്കൊപ്പമൊന്നോടിയെത്താൻ
കൈനീട്ടി നിന്നു കരഞ്ഞു പൈതൽ.

**ചോദ്യങ്ങൾ**

1. അമ്മ ഏകയായതെങ്ങനെ ?
2. മക്കൾക്ക് അമ്മ ഭാരമായത് എന്നു മുതൽ ?
3. മക്കൾ പിരിഞ്ഞുപോയതെങ്ങനെ ?
4. അന്തിത്തിരി കൺതുറക്കാഞ്ഞതെവിടെ ?
5. ചിതയെരിച്ചതെന്ത് ?
6. മക്കൾ അമ്മയെ കണ്ടതെങ്ങനെ ?
7. നെഞ്ചുപൊളിഞ്ഞ് അമ്മ നീറിനിന്നതെപ്പോൾ ?
8. പേരക്കിടാവിനെ ശാസിച്ചുനിർത്തിയതാര് ?

**2. താഴെകൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

(1 x 7 Marks)

സുതർ മാമുനിയോടയോദ്ധ്യയിൽ
ഗതരായോരളവന്നൊരന്തിയിൽ
അതിചിന്ത വഹിച്ചു സീത പോയ്
സ്ഥിതി ചെയ്താളുടജാന്തവാടിയിൽ.
അരിയോരണിപന്തലായ് സതി-
ക്കൊരു പൂവാക വിതിർത്ത ശാഖകൾ;
ഹരിനീലതൃണങ്ങൾ കീഴിരു-
ന്നരുളും പട്ടു വിരിപ്പുമായിതു.
രവി പോയി മറഞ്ഞതും സ്വയം
ഭുവനം ചന്ദ്രികയാൽ നിറഞ്ഞതും
അവനീശ്വരിയോർത്തതില്ല, പോ-
ന്നവിടെത്താൻ തനിയേയിരിപ്പതും.

**ചോദ്യങ്ങൾ**

1) സുതർ ആരുടെ കൂടെയാണ് പോയത് ?
2) സുതർ എവിടെയാണ് പോയത് ?
3) സീത എവിടെയാണ് ഇരുന്നത് ?
4) സീതയ്ക്ക് പന്തലൊരുക്കിയതാര് ?
5) സീത അറിയാത്തതെന്തെല്ലാം ?
6) വാടി എന്നതിന്റെ അർത്ഥമെന്ത് ?
7) കവിതയിൽ 'നിലാവ്' എന്നതിനുപകരം വരുന്ന വാക്കേത് ?

**3. താഴെ കൊടുത്തിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏഴെണ്ണത്തിന് ഉത്തരം കണ്ടെത്തി എഴുതുക** (1 x 7 = 7 Marks)

**3.**a. പഥികർ എന്ന പദത്തിന്റെ അർത്ഥം ഏത് ?
a. യാത്രക്കാർ b. ആൽമരം c. കടക്കുക d. കന്യകമാർ

**3.**b. നിബിഡം എന്ന പദത്തിന്റെ വിപരീതം ഏത് ?
a. സൂക്ഷ്മം b. വിജനം c. കൂട്ടം d. അർത്ഥം

**3.**c. ദാർശനികൻ എതിർലിംഗം കണ്ടെത്തുക
a. ദാർശനിക b. ദാർശനി c. ദാർശിനി d. ഉത്തമ

**3.**d. യാത്ര എന്ന പദത്തിന്റെ പര്യായം ഇവയിൽ ഏത് ?
a. സഞ്ചാരം, പ്രയാണം b. സഹജൻ, സോദരൻ c. പ്രാണൻ, ചേതന d. ഭാജനം, അമത്രം

**3.**e. പിണ്ഡം നാനാർത്ഥം കണ്ടെത്തുക
a. ഉരുള, കൂട്ടം b. ബുദ്ധി, തൃപ്തി c. യാത്ര, കുതിര d. രക്ഷ, പോക്ക്

**3.**f. വപുസ്സ്- വചസ്സ് അർത്ഥവ്യത്യാസം ഇവയിൽ ഏത് ?
a. കടമ, ഫലിതം b. ശരീരം, വാക്ക് c. ധനം, പകുതി d. ബുദ്ധി, കലപ്പ

**3.**g. ശരിയായ പദം ഏത് ?
a. വിധി b. വിഥി c. വിദി d. വിതി

**3.**h. 'സൂര്യാംശു' എന്ന പദത്തിന്റെം പിരിച്ചെഴുത്ത് ഇവയിലേത് ?
a. സൂര്യ+അംശു b. സൂര്യൻ+അംശു c. സൂര്യ+ആംശു d. സൂര്യാ+ആംശു

**3.**i. കണ്ണീർ എന്ന പദത്തിന്റെ വിഗ്രഹാർത്ഥം ഏത് ?
a. കണ്ണിന്റെ നീർ b. കണ്ണിലെ നീർ c. കണ്ണും നീരും d. കണ്ണാകുന്നനീർ

**3.**j. വ്യാളം, നാഗം ഇവയിൽ എന്തിന്റെ പര്യായപദമാണ്
a. ചീങ്കണ്ണി b. b. പാമ്പ് c. തേൾ d. ക്ഷുഭിതം

**4. താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ശരിയായ ഉത്തരം എടുത്ത് എഴുതുക**

(9 x 2 = 18 Marks)

4.a. **"ആപത്തിൽ അന്യോന്യം തുണയ്ക്കാനായി**
**ദൈവം മനുഷ്യന് കൊടുത്തിരിക്കുന്നു"**

1. എന്താണ് ദൈവം മനുഷ്യന് കൊടുത്തിരിക്കുന്നത് ?

a. സന്തോഷം b. വിവേകം c. ബുദ്ധി d. മനസ്സ്

2. ആര് പറഞ്ഞതാണ് ഈ വാക്യം ?

a. കർത്താർസിങ് b. സ്റ്റേഷൻമാസ്റ്റർ c. നിത്യചൈതന്യയതി d. രണ്ടാമത്തെ ടാക്സിഡ്രൈവർ

4.b. **"എത്രനേരം അഭിമുഖീകരിച്ചാലും അത് നമുക്ക് പിടിതരുന്നില്ല"**

1. ആരാണ് ഈ വാക്യം പറഞ്ഞത് ?

a. യതി b. സ്റ്റേഷൻമാസ്റ്റർ c. കാന്റ് d. എസ് കെ പൊറ്റക്കാട്

2. ഈ വാക്യം ഉൾപ്പെട്ട കൃതിയുടെ രചയിതാവാര് ?

a. യതി b. പോൾസക്കറിയ c. കർത്താർസിങ് d. എം മുകുന്ദൻ

4.c. **"എന്റെ അച്ഛനും ജ്യോഷ്ഠനും വധിക്കപ്പെട്ടപ്പോൾ ജീവിച്ചിരിക്കാനുള്ള മോഹവും എല്ലാം പോയി"**

1. ഈ വാക്കുകൾ ആര് ആരോട് പറഞ്ഞു ?

a. കർത്താർ സിങ് നിത്യചൈതന്യയതിയോട് b. നിത്യചൈതന്യയതി രാംഗോപാൽമിശ്രയോട്

c. യതി സ്റ്റേഷൻമാസ്റ്ററോട് d. കർത്താർസിങ് രാംഗോപാൽമിശ്രയോട്

2. രണ്ടാമത്തെ ടാക്സിഡ്രൈവറുടെ പേരെന്ത് ?

a. കർത്താർ സിങ് b. ദാമോദർ ഗാവുങ്കർ

c. രാംഗോപാൽ മിശ്ര d. യതി

4.d. **"ഒട്ടേറെയപൂർവ്വമായ്ക്കേട്ടീടാം വണ്ടിക്കാരൻ**

**ചാട്ടവാറുലയ്ക്കവേ മൂളുന്നപാട്ടൊന്നവം"**

1. ഒട്ടേറെയപൂർവ്വമായ്ക്കേട്ടീടാം എന്നുപറയുന്നത് എന്ത് ?

a. തത്തകളുടെ കിളികൊഞ്ചൽ b. വണ്ടിക്കാരന്റെ മൂളിപ്പാട്ട്

c. കന്യകമാർ ഗമിക്കുന്നത് d. തെണ്ടിപ്പടി ഓളിയാൽ നിറയ്ക്കുന്നത്

2. വണ്ടിക്കാരൻ മൂളുന്ന പാട്ട് ഏത് ?

a. സിനിമാഗാനങ്ങൾ b. നാടൻപാട്ട് c. നാടകമേളകം d. പദ്യപാരായണം

4.e. **"ഇനൻപൊലിഞ്ഞാലുഡുപംക്തിയെക്കൊ**

**ണ്ടിരുട്ടുതൽക്കാലമകറ്റിയീശൻ"**

1. ഇനൻപൊലിഞ്ഞാൽ ഈശൻ ഇരുട്ടുതൽക്കാലമകറ്റുന്നതെങ്ങനെ ?

a. ഉഡുപംക്തിയെക്കൊണ്ട് b. സൂര്യനെകൊണ്ട്

c. വിളക്ക് കത്തിച്ചുകൊണ്ട് d. മിന്നാമിനുങ്ങിനെകൊണ്ട്

2. ഈ കവിത ഏത് കൃതിയിലേതാണ് ?

a. കല്പശാഖി b. കാളകൾ c. അംബ d. വിശ്വദർശനം

**4.f. "ഗ്രാമവീഥിയിൽ, നേരം വെളക്കെക്കുടം പേറി,**

**ത്താമരക്കുളം നോക്കിക്കന്യകമാർ ഗമിക്കുമ്പോൾ"**

1. കന്യകമാർ ഗമിക്കുന്നതെങ്ങോട്ട് ?

a. താമരക്കുളത്തിലേക്ക് b. വയലിലേക്ക് c. കടയിലേക്ക് d. പേരാലിൻചുവട്ടിലേക്ക്

2. പുഞ്ചയ്ക്കുവെള്ളം തേവുന്നതാര് ?

a. കർഷകർ b. കന്യകമാർ c. വണ്ടിക്കാരൻ d. പഥികർ

**4.g. "പുണ്ണുകൾ പടർന്നിട്ടുണ്ടവനും കരൾക്കാമ്പിൽ"**

1. കരൾക്കൊമ്പിൽ പുണ്ണുകൾ പടർന്നത് ആർക്ക് ?

a. കാളകൾക്ക് b. വണ്ടിക്കാരന് c. കൃഷിക്കാരന് d. പഥികർക്ക്

2. പഥികർ ശയിക്കുന്നതെവിടെ ?

a. വയലിൽ b. പേരാലിൻ ചുവട്ടിൽ c. വണ്ടിയുടെ തണ്ടിൽ d. വഴിയിൽ

**4.h. "മനസ്സിൽ നൈരാശ്യമെഴുന്നവനു**

**മധ്യാഹ്നവും പ്രത്യഹമർധരാത്രം"**

1. മധ്യാഹ്നവും അർദ്ധരാത്രമായി തോന്നുന്നതാർക്ക് ?

a. വിധിയുള്ളവന് b. നൈരാശ്യമുള്ളവന് c. ശുഭംപ്രതീക്ഷിക്കുന്നവന് d. ആഗ്രഹമുള്ളവന്

2. ആരാണ് ഈ കവിത എഴുതിയത് ?

a. ആശാൻ b. ഉള്ളൂർ c. വള്ളത്തോൾ d. ചെറുശ്ശേരി

**4.i. "ഇന്നു നമുക്ക് ടാക്സിയിൽ പോകാം"**

1. ഈ വാക്ക് ആരുടേതാണ് ?

a. കർത്താർ സിങ് b. ദാമോദർ ഗാവുങ്കർ c. രാംഗോപാൽ മിശ്ര d. യതി

2. പാഠഭാഗം ഏതുകൃതിയിലേതാണ് ?

a. ഓർക്കുക വല്ലപ്പോഴും b. നവയുഗോദയം c. മരണമെന്നവാതിലിനപ്പുറം d. ദാർശനികത

**4.j. "വെള്ളക്കാരെത്തും മുൻപ് തന്നെ ആഫ്രിക്കകാർക്ക്**

**ഈ വെള്ളച്ചാട്ടത്തെക്കുറിച്ച് അറിയാമായിരുന്നു"**

1. ഈ അഭിപ്രായം ആരുടേതാണ് ?

a. വാഷിങ്ടൺ b. മൈക്കിൾ c. ലിവിങ്സ്റ്റൺ d. പോൾസക്കറിയ

2. വിക്ടോറിയ വെള്ളച്ചാട്ടം കണ്ടെത്തിയ വർഷം ?

a. 1852 b. 1853 c. 1854 d. 1855

## <u>വിഭാഗം ബി</u>

**5.**

**5.a. അംഗവാക്യം– അംഗിവാക്യം വേർതിരിച്ച് എഴുതുക** (2 x 1 = 2 Marks)

1. കിഴക്കനാഫ്രിക്കയുടെ അന്തർഭാഗങ്ങളിൽ ആദ്യമായി പതിഞ്ഞ വെള്ളക്കാരന്റെ കാലടികൾ അദ്ദേഹത്തിന്റേതായിരുന്നു.

2. വാരണാസിയിൽ എത്തുന്നതിനുമുമ്പുള്ള സ്റ്റേഷനിൽവച്ച് ഒരു വെയിറ്റർ ഊണുകൊണ്ടുവന്നു.

**5.b. വാക്യത്തിൽപ്രയോഗിക്കുക** (1 x 1 = 1 Mark)

സമയം കളയുക

**5.c. വാക്യത്തിൽതെറ്റുണ്ടെങ്കിൽ തിരുത്തുക** (2 x 1 = 2 Marks)

1. അതുകേട്ടിട്ട് സ്റ്റേഷൻമാസ്റ്റർ പരിഹാസത്തോടെകളിയാക്കി പറഞ്ഞു
2. തിരശ്ചീനമായി പ്രവഹിച്ച നദി നെടുകെ ലംബമായി തീരുന്നു.

**5.d. പ്രയോഗം മാറ്റുക** (2 x 1 = 2 Marks)

1. പൊറ്റക്കാട് ഏതാണ്ട് ഇതേ അനുഭവം വിവരിക്കുന്നുണ്ട്.
2. ഊണുവരുമ്പോൾത്തന്നെ അയാൾ ഊണുവാങ്ങിയവരുടെയെല്ലാം അറിവിനായി ഒരു നിവേദനം സമർപ്പിച്ചു.

**6.a. ഏതെങ്കിലും ഒരുവിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യാസം എഴുതുക.** (1 x 5 = 5 Marks)

1. മൊബൈൽ ഫോണിന്റെ ഉപയോഗം വിദ്യാർത്ഥികളിൽ
2. മാതൃഭാഷയുടെ പ്രാധാന്യം

**6.b. കത്ത് തയ്യാറാക്കുക** (2 x 5 = 10 Marks)

1. വർദ്ധിച്ചുവരുന്ന ലഹരിവസ്തുക്കളുടെ ഉപയോഗം യുവതലമുറയെ താളംതെറ്റിക്കുന്നു. ഈ വിഷയം പോലീസ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ഒരു കത്ത് തയ്യാറാക്കുക.
2. കുടിവെള്ളക്ഷാമം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് പ്രസിഡന്റിന് ഒരു കത്ത് തയ്യാറാക്കുക.

**7. ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരം എഴുതുക** (2 x 3 = 6 Marks)

**7.a.** മിന്നാമിനുങ്ങിന്റെ പ്രവൃത്തിയെ ഉദാഹരിച്ചുകൊണ്ട് കവി നൽകുന്ന സന്ദേശമെന്താണ് ?

**7.b.** 'അതായിരിക്കാം പെരുളാപ്രവൃത്തി-
ക്കജൻ ഹിതം മർത്ത്യനറിഞ്ഞു ചെയ്വോൻ' മർത്ത്യന്റെ ഹിതം അറിഞ്ഞ് ദൈവം ചെയ്തത് എന്ത് ?

**7.c.** 'മറ്റൊരുവണ്ടിക്കാള മാനുഷാകാരം പൂണ്ടി-
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പുകൂനി ക്കൂടി' - വണ്ടിക്കാരനെ മറ്റൊരുവണ്ടിക്കാള എന്നുവിളിക്കാൻ കാരണം എന്ത് ?

**8. ഏതെങ്കിലും രണ്ടുചോദ്യത്തിന് ഉത്തരംഎഴുതുക** (2 x 3 = 6 Marks)

**8.a.** ടാക്സി റോഡരുകിൽ ചേർത്തുനിർത്തിച്ചിട്ട് ഞാൻ കൂടി ഫ്രണ്ട്സീറ്റിൽ ഡ്രൈവറുടെ അടുത്ത് സ്ഥലം പിടിച്ചു'- ഇങ്ങനെ ചെയ്യാൻ ലേഖകനെ പ്രേരിപ്പിച്ചതെന്ത് ?

**8.b.** വിക്ടോറിയ വെള്ളച്ചാട്ടത്തെക്കുറിച്ച് വിവരണം തയ്യാറാക്കുക.

**8.c.** 'അവിടെയെല്ലാം ഒന്ന് ചുറ്റിനടന്നത്കൊണ്ട് വെള്ളച്ചാട്ടത്തിന്റെ ഭാഷ നമുക്ക് ഗ്രഹിക്കാൻ കഴിയുമോ എന്ന് സംശയ മാണ് ' - ഇങ്ങനെ എഴുതാൻ എസ് കെ പൊറ്റക്കാട്ടിനെ പ്രേരിപ്പിച്ചതെന്ത് ?

**9. ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരം എഴുതുക** (2 x 3 = 6 Marks)

**9.a.** വിദ്യാർത്ഥിയായ നരേന്ദ്രന്റെ പ്രത്യേകതകൾ എന്തൊക്കെയായിരുന്നു ?

**9.b.** നരേന്ദ്രന്റെ മാതാപിതാക്കൾ ആരെല്ലാമായിരുന്നു ? അവരുടെ സ്വഭാവസവിശേഷതകൾ വിവരിക്കുക.

**9.c.** ബാല്യത്തിൽതന്നെ ധ്യാനത്തിൽലയിച്ച് പരിസരംമറന്നിരിക്കുക ആ കുട്ടിയുടെ രീതിയായിരുന്നുവത്രേ! ഉദാഹരണ സഹിതം വ്യക്തമാക്കുക ?

***********